# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 -26

## സെൻ്റ് മേരീസ് യു.പി. സ്കൂൾ മൂഴിക്കുളം

പാറക്കടവ് പഞ്ചായത്തിലെ ഏറ്റവും പുരാതനവും പ്രശസ്തവുമായ യുപി വിദ്യാലയമാണ് മൂഴിക്കുളം സെൻറ് മേരീസ് യു പി സ്കൂൾ. **110-**ാം വാർഷികത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വിദ്യാലയത്തിൽ **2025:26** അധ്യയന വർഷത്തിൽ **260** വിദ്യാർത്ഥികളാണ് അറിവിൻ്റെ നിറവിലേക്ക് പ്രവേശിക്കുവാൻ  കടന്നുവന്നിട്ടുള്ളത് -

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായ പുതിയ പ്രവർത്തനങ്ങൾ നടപ്പാക്കണം എന്ന തീരുമാനത്തിലാണ് വിദ്യാലയ വർഷം ആരംഭിച്ചത് തന്നെ

*Walk with the children* എന്ന **Theme** ആണ് ഈ വർഷം ഞങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

*കുട്ടികളോടൊപ്പം നടക്കുക*, അവരുടെ എല്ലാ പ്രവർത്തനങ്ങളിലും ഒപ്പം പങ്കാളിയാവുക , എല്ലാ മാതാപിതാക്കളെയും എല്ലാ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുക എന്നുള്ള ഒരു തീരുമാനമാണ് ഞങ്ങൾ എടുത്തിട്ടുള്ളത്.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അധ്യാപകർ ഒരുമിച്ചുകൂടി താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങളെടുത്തു.

എല്ലാ  വിഷയങ്ങളിലും പ്രത്യേകം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും പൊതുവായി വിദ്യാലയത്തിൽഎന്തൊക്കെ നടപ്പാക്കാം എന്നുള്ളതിനെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

## താഴെപ്പറയുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

1 . എല്ലാ കുട്ടികളെയും വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക.

2 . വായിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടുള്ളവർക്ക് പ്രത്യേക പരിശീലനം ഭാഷാധ്യാപകരുടെ സഹായത്തോടെ നൽകുക.

**3 .** എല്ലാ ക്ലാസ്സുകളിലും പത്രം വരുത്തുകയും അത് എല്ലാവർക്കും വായിക്കുവാനുള്ള അവസരം നൽകുകയും ചെയ്യുക

**4 .** വർത്തമാനപത്രം ഉറക്കെ വായിക്കുകയും ഗ്രൂപ്പുകളിൽ പരസ്പരം ഷെയർ ചെയ്യുവാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക

**5** പിരീഡുകൾ ആരംഭിക്കുമ്പോൾ തന്നെ അഞ്ചു മിനിറ്റ് അതാതു വിഷയങ്ങൾ ഉറക്കെ വായിക്കുവാനുള്ള അവസരം എല്ലാവർക്കു മാറി മാറി നൽകുക

**6 .** ക്ലാസ് ലൈബ്രറിയും വിദ്യാലയ ലൈബ്രറിയും പരമാവധി പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വായിക്കുവാനും പുസ്തകങ്ങൾ എടുക്കുവാനുള്ള അവസരങ്ങൾ നൽകുക

**7 .** ക്ലാസ് മുറികളിൽ ഇംഗ്ലീഷും ഹിന്ദിയും സംസാരിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുക

**8. Monthly Test** കൃത്യമായി നടത്തുകയും പിന്നോക്കാവസ്ഥയിൽ ആകുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിന് വേണ്ടുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക

**9 .** അസംബ്ലിയിൽ ഗണിത ടേബിളുകൾ പറയുവാനും ന്യൂസ് പേപ്പർ വായിക്കുവാനും ഉള്ള അവസരങ്ങൾ എല്ലാ കുട്ടികൾക്കും മാറിമാറി നൽക്കുക

**10 .** രാവിലെയും വൈകിട്ടും ഉച്ചസമയത്തും മറ്റ് ഫ്രീ പിരിഡുകളിലും കുട്ടികൾക്ക് വായനയ്ക്കുള്ള അവസരങ്ങൾ നൽകുക

## II.*കുട്ടികളെ കൃഷിയിൽ താല്പര്യമുള്ളവർ ആക്കുക*

നമ്മുടെ നാട്ടിൽ നിന്ന് അന്യം നിന്നു പോകുന്ന കൃഷിയിലേക്ക് കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു

**1** . വിദ്യാലയത്തിൽ **Young Farmers Club** രൂപീകരിക്കുകയും അതിൽ നിന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചുമതല ഒരു അധ്യാപികയെ ഏൽപ്പിക്കുകയും വേണം

**2** . വിദ്യാലയത്തിൽ വിവിധതരം തോട്ടങ്ങൾ- ഔഷധത്തോട്ടം ,പച്ചക്കറിത്തോട്ടം ,പൂന്തോട്ടനിർമ്മാണം നടത്തുകയും എല്ലാ കുട്ടികളെയും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും വേണം

**3** . കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും വ്യത്യസ്തമായ ചുമതലകൾ ഏൽപ്പിക്കുകയും ചെയ്യണം

**4** . ഓരോ തോട്ടത്തിനും ഓരോ ഗ്രൂപ്പുകൾ പേരുകൾ നൽകി അവരെ ചുമതലകൾ ഏൽപ്പിക്കണം

**5** . സസ്യങ്ങൾ നടുക മാത്രമല്ല അതിന്റെ പരിപാലനമാണ് ഏറ്റവും പ്രാധാന്യമുള്ളത് എന്നുള്ള കാര്യം കുട്ടികളെ ബോധ്യപ്പെടുത്തണം

**6** . വിദ്യാലയത്തിൽ കൃഷി ചെയ്യുന്നതിനോടൊപ്പം എല്ലാവരും അവരവരുടെ വീടുകളിൽ പച്ചക്കറിത്തോട്ടമോ പൂന്തോട്ടമോ നിർമ്മിക്കാനുള്ള പ്രചോദനം ഈ പ്രവർത്തനത്തിലൂടെ നൽകണം

**7 .** കുട്ടികളെ ഓരോ ചെടിയുടെയും വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുകയും അത് രേഖപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം

**8 .** ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും പ്രാധാന്യം കുട്ടികളെ പറഞ്ഞു ബോധ്യപ്പെടുത്തുകയും അവ കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് പ്രാധാന്യം നൽകണം

**9 .** വിളവെടുപ്പ് നടത്തുമ്പോൾ പി.ടി.എ, കമ്മിറ്റി അംഗങ്ങളെയും നാട്ടുകാരെയും മാതാപിതാക്കളെയും ഉൾപ്പെടുത്തി ഒരു ഉത്സവമാക്കി മാറ്റണം

**10 .** കൃഷിയുടെ പ്രാധാന്യം വിളിച്ചോതുന്ന പോസ്റ്ററുകളും ചാർട്ടുകളും വിദ്യാലയത്തിൽ പ്രദർശിപ്പിക്കണം

**11 .** പ്രസ്തുത പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച കാര്യങ്ങൾ ചെയ്യുന്നവരെ പ്രത്യേകം ആദരിക്കണം

## III. *കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം*

.കുട്ടികളിൽ കാണുന്ന ഏറ്റവും വലിയ ഒരു വിപത്താണ് അനാവശ്യ കാര്യങ്ങൾക്ക് വേണ്ടി പൈസ ചെലവഴിക്കുന്നത്.

കുട്ടികളുടെ കയ്യിൽ കിട്ടുന്ന പൈസ മുഴുവൻ അനാവശ്യമായി ചെലവഴിക്കാതെ സമ്പാദിക്കുന്ന ഒരു ശീലം അവരിൽ വളർത്തിയെടുക്കണം.

അതിന് എല്ലാ വിദ്യാർത്ഥികളെയും ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടത്തണം.

മാതാപിതാക്കളെ വിളിച്ചുകൂട്ടി സമ്പാദ്യ ശീലം വളർത്തേണ്ടതിന്റെ പ്രാധാന്യം മാതാപിതാക്കളെയും കുട്ടികളെയും ബോധ്യപ്പെടുത്തി എല്ലാ കുട്ടികളെയും സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം

പഠനത്തോടൊപ്പം കുട്ടികളെ പാഠ്യേതര പ്രവർത്തനങ്ങളിലും

മികച്ചവരാക്കാനുള്ള പരിശ്രമങ്ങൾ ചെയ്യണം

*ഡാൻസ് , ചിത്രരചന , കഥ കവിത രചന, കായിക രംഗം, സംഗീതം തുടങ്ങിയ എല്ലാ കാര്യങ്ങളിലും എല്ലാ കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം*